(ബി) ഉണ്ട്.

(സി) താഴെ പറയുന്നവയാണ് ശ്രീധരൻ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ:

(1) കുടിപ്പള്ളിക്കൂടം അതാതു പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുക.

(2) ചില വ്യവസ്ഥകൾക്കു വിധേയമായി കുടിപ്പള്ളിക്കൂടം നടത്തുന്ന ആശാൻമാർക്ക് 100 രൂപാവീതം ഹോണറേറിയം നൽകുക.

(3) അനാരോഗ്യമോ വാർദ്ധക്യമോ നിമിത്തം തങ്ങളുടെ ജോലി മതിയാക്കിയ ആശാൻമാർക്ക് ചില വ്യവസ്ഥകൾക്കു വിധേയമായി പ്രതിമാസം 50 രൂപാ വീതം കൊടുക്കുക.

(4) ഈ റിപ്പോർട്ടുപ്രകാരം ആശാൻമാർക്ക് ഏതെങ്കിലും പ്രകാരത്തിലുള്ള ഹോണറേറിയം അനുവദിക്കുന്നതുവരെ ചില പഞ്ചായത്തുകളും മുനിസിപ്പലിറ്റികളും അനുവദിച്ചിട്ടുള്ള സാമ്പത്തികസഹായം വിതരണം ചെയ്യുന്നതിനു ഉത്തരവു നൽകുക.

(5) പ്രീ-പ്രൈമറി അഡ്വൈസറി ബോർഡിൽ ആശാൻമാർക്ക് പ്രാതിനിധ്യം നൽകുക.

(6) കുടിപ്പള്ളിക്കൂടത്തിൽ പഠിക്കുന്ന കുട്ടികൾക്ക് കെയറിന്റെ ആഹാരസാധനങ്ങൾ കൊടുക്കുക.

(7) എസ്. എസ്. എൽ. സി. യും പ്രീഡിഗ്രിയും പാസായി ആശാൻമാരായി ജോലി ചെയ്യുന്നവർക്ക് റ്റി. റ്റി. സി. ക്കും നേഴ്സറി ട്രെയിനിംഗിനും പ്രത്യേകം കോട്ട അനുവദിക്കുക.

(8) യോഗ്യതയുള്ള ആശാൻമാർക്ക് അംഗനവാടിയിൽ നിയമനം അനുവദിക്കുക.

(ഡി) റിപ്പോർട്ടിലെ ശുപാർശകൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളുമായി ആലോചിച്ചു പരിശോധിച്ചുവരുന്നു.

സയൻസ് മ്യൂസിയം

* 499 [531] ശ്രീ. സി. ടി. അഹമ്മദ് അലി:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, പി. കെ. കെ. ബാവ:
,, പി. എം. അബൂബക്കർ:
,, കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആരംഭിച്ചിട്ടുള്ള സയൻസ് മ്യൂസിയത്തിൽ സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന ഘടകങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിനകം അതിൽ എന്തെല്ലാം സജ്ജീകരിക്കപ്പെട്ടു;

(സി) സയൻസ് മ്യൂസിയത്തിന്റെ പ്രധാനപ്പെട്ട മറ്റു പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജില്ലാ കേന്ദ്രങ്ങളിൽ ശാസ്ത്ര സാങ്കേതിക മ്യൂസിയങ്ങൾ ആരംഭിക്കാനുദ്ദേശമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നടപ്പു സാമ്പത്തിക വർഷം ഏതെല്ലാം ജില്ലകളിലാണ് ആരംഭിക്കുന്നത് എന്ന് വിശദീകരിക്കുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എ. ജേക്കബ്):

(എ) സയൻസ് മ്യൂസിയത്തിനുള്ളിൽ താഴെ പറയുന്ന പ്രധാന ഘടകങ്ങൾ സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(1) എല്ലാവിധ ശാസ്ത്ര സാങ്കേതിക വിഷയങ്ങളെയും സംബന്ധിച്ചുള്ള ത്രിമാന ദൃശ്യങ്ങൾ സജ്ജീകരിച്ചിട്ടുള്ള 12 ഗ്യാലറികൾ.

(2) ഒരു ആധുനിക പ്ലാനറ്റോറിയം, ഒബ്സർവേറ്ററി.

(3) സിനിമാ പ്രദർശനങ്ങൾ, ശാസ്ത്ര സെമിനാറുകൾ, സിമ്പോസിയങ്ങൾ എന്നിവ നടത്തുന്നതിനുവേണ്ട ആധുനിക സജ്ജീകരണങ്ങളുള്ള ഒരു ആഡിറ്റോറിയവും ലക്ചർ ഹാളും,

(4) കുട്ടികളുടെ സയൻസ് പാർക്ക്.

(5) ഒരു സാങ്കേതിക ഉദ്യാനം.

(6) വർക്ക്ഷോപ്പുകൾ, ലാബറട്ടറികൾ, സ്റ്റുഡിയോകൾ, ടെക്നിക്കൽ ലൈബ്രറി, വാക്കേ മ്യൂസിയം.

(ബി) ഇലക്ട്രിസിറ്റിയും, ഇലക്ട്രോണിക്സും, മെക്കാനിക്കൽ എൻജിനീയറിംഗും മെക്കാനിക്സും, ആർക്കിടെക്ചറൽ, സിവിൽ എന്നീ മൂന്നു ഗ്യാലറികളും, ശാസ്ത്ര സിനിമ കാണിക്കുന്നതിനുള്ള ഒരു മിനി തിയേറ്ററുമാണ് പൂർത്തീകരിച്ചിട്ടുള്ളതും, സന്ദർശകർക്ക് തുറന്നുകൊടുത്തിട്ടുള്ളതും. കുട്ടികളുടെ ശാസ്ത്ര ഉദ്യാനത്തിന്റെ ഭാഗമായി ഒരു 'വാട്ടർ ട്രെയിൻ' പ്രവർത്തിപ്പിക്കുന്നുണ്ട്.

(സി) (1) സഞ്ചരിക്കുന്ന ശാസ്ത്ര പ്രദർശനങ്ങൾ

(2) സഞ്ചരിക്കുന്ന ഫിലിം പ്രദർശനങ്ങൾ

(3) ആനുകാലിക ശാസ്ത്ര വിഷയങ്ങളെപ്പറ്റിയുള്ള താൽക്കാലിക പ്രദർശനങ്ങൾ

(4) ശാസ്ത്രവിഷയത്തിൽ പ്രഗത്ഭൻമാരെ വരുത്തിയുള്ള പ്രസംഗ പരമ്പരകൾ

(5) ക്വിസ് മൽസരങ്ങൾ

(6) റേഡിയോ, ടെലിവിഷൻ എന്നീ മാദ്ധ്യമങ്ങളിലൂടെയുള്ള ശാസ്ത്ര ബോധന പരിപാടികൾ

(7) പ്രത്യേക പരിശീലനമുള്ള മ്യൂസിയം ജീവനക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചെന്ന് സയൻസ് ഡെമോൺസ്ട്രേഷൻ ലക്ചർ നടത്തുക.

(8) കുട്ടികളിലെ ശാസ്ത്രീയമായ കണ്ടുപിടിത്തത്തിനും നിർമ്മാണത്തിനുമുള്ള അഭിരുചി വികസിപ്പിച്ചെടുക്കുന്നതിനായി ഹോബി ക്ലബുകളും, ക്രിയേറ്റീവ് എബിലിറ്റി സെന്ററുകളും രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(9) ശാസ്ത്ര വിഷയങ്ങൾ കൂടുതൽ വേഗം മനസ്സിലാകുന്നതിനുതകുന്ന പഠനോപാധികൾ നിർമ്മിച്ചു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വായ്പയായി കൊടുക്കുക.

(10) ശാസ്ത്ര മ്യൂസിയത്തിന്റെ ആസൂത്രണ വികസന ഭരണ വിഷയങ്ങളെപ്പറ്റിയുള്ള കോഴ്സുകൾ നടത്തുക.

(11) ശാസ്ത്ര പരിചയ ക്യാമ്പുകളും വർക്കുഷോപ്പുകളും നടത്തുക.

(12) എല്ലാ ജില്ലകളിലും ഓരോ ശാസ്ത്ര കേന്ദ്രങ്ങൾ സ്ഥാപിച്ച് മ്യൂസിയത്തിന്റെ പരിപാടികൾ കൊണ്ടുചെന്ന് കാണിക്കുക എന്നിവയാണ്.

(ഡി) ജില്ലാ കേന്ദ്രങ്ങളിൽ ശാസ്ത്ര സാങ്കേതിക മ്യൂസിയങ്ങൾ ആരംഭിക്കുവാൻ പദ്ധതിയിൽ, വിഭാവനം ചെയ്യുന്നുണ്ട്.

(ഇ) നടപ്പു സാമ്പത്തിക വർഷത്തിൽ ഒരു ജില്ലയിലും ശാസ്ത്ര സാങ്കേതിക മ്യൂസിയം സ്ഥാപിക്കുവാൻ പരിപാടിയില്ല.

സ്വകാര്യ കോളേജുകളിലെ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ

*500 [532] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കോളേജുകളിലെ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ ഏർപ്പെടുത്താ�ൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച് നടപടികൾ എന്തെല്ലാം?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) സ്വകാര്യ കോളേജ് സ്റ്റാഫിനുവേണ്ടി പ്രത്യേക ഹൗസിംഗ് കോർപ്പറേഷൻ രൂപവൽക്കരിക്കണമോ അതോ സ്വകാര്യ സ്കൂൾ സ്റ്റാഫിനുവേണ്ടിയുള്ള ഹൗസിംഗ് സ്കീമിൽ സ്വകാര്യ കോളേജ് സ്റ്റാഫിനെക്കൂടി ഉൾപ്പെടുത്തണമോ എന്ന കാര്യം ഗവൺമെൻറിന്റെ സജീവ പരിഗണനയിലാണ്.

Slum Dwellers

* 501 [533] **Shri Stephen Padua:** Will the Minister for Law and Irrigation be pleased to state:

(a) The number of identified slums in the state;

(b) The policy of Government with regard to the rehabilitation of slum dwellers.

Minister for Law and Irrigation **(Shri K. M. Mani):**

(a) 79 slums in 25 Urban centres.

(b) The policy of the Government is to improve the slums and rehabilitation of slum dwellers.

LIBRARY ARCHIVES Kerala Legislative Assembly